Draft #1 of File 96311/AC A5-3/2025/AC A 5 Approved by ASSISTANT REGISTRAR III (ACADEMIC) on 30-Sep-2025 12:18 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ്ങ് ലേർണിംഗ് ആൻഡ് എക്സ്റ്റൻഷനിൽ ആരംഭിക്കുന്ന യു.ജി /പി.ജി(എക്സിക്യൂട്ടീവ്) പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട് - 24.09.2025 തീയതി ബഹു . വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ നടത്തിയ യോഗത്തിലെ ശിപാർശകൾ അംഗീകരിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 5 സെക്ഷൻ**

നമ്പർ. 9187/AC A 5/2025/എം.ജി.യു　　　　പ്രിയദർശിനി ഹിൽസ്,തീയതി: 03.10.2025

---

*പരാമർശം:*-(1) 24.09.2025 തീയതി, 3.15-ന് വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ വൈസ് ചാൻസലറുടെ ചേംബറിൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്

(2) വൈസ് ചാൻസലറുടെ 24.09.2025 തീയതിയിലെ ഉത്തരവ്

**ഉത്തരവ്**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ പഠനവകുപ്പായ Department of Life Long Learning & Extension (DLLE)-ൽ വർക്കിംഗ് പ്രൊഫഷണലുകൾ, സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റ് തൊഴിലിടങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർ, അധ്യാപകർ എന്നിവർക്ക് തുടർപഠനത്തിനും തൊഴിൽ മേഖലയിലെ ഉന്നമനത്തിനും, പരമ്പരാഗത രീതിയിൽ പഠനം നടത്തുവാൻ സാധിക്കാത്ത വിദ്യാർത്ഥികളുടെ തുടർപഠനം സാധ്യമാക്കുന്നതിനുമായി ആരംഭിക്കുന്ന UG /PG (എക്സിക്യൂട്ടീവ്) പ്രോഗ്രാമുകളുടെ 2025-26 അധ്യയനവർഷത്തിലെ വിജ്ഞാപനം ഉടൻ പുറപ്പെടുവിക്കാൻ തീരുമാനിച്ചു. അതുമായി ബന്ധപ്പെട്ട് വൈസ് ചാൻസലറുടെ ചേംബറിൽ, പരാമർശം (1) പ്രകാരം വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ നടത്തിയ യോഗം ചുവടെ ചേർത്തിരിക്കുന്ന ശിപാർശകൾ സമർപ്പിച്ചിരുന്നു.

1. യു.ജി/പി.ജി (എക്സിക്യൂട്ടീവ്) പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായി മേൽപ്പറഞ്ഞ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് പുറമെ തുടർപഠനം ആഗ്രഹിക്കുന്ന എല്ലാവർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണെന്നും
2. ലാംഗ്വേജ്, കോമേഴ്സ്, സോഷ്യൽ സയൻസ് വിഷയങ്ങളിൽ അഡ്മിഷൻ നടത്തുന്നതിനും
3. രജിസ്ട്രേഷൻ ഫീസായി യു.ജി പ്രോഗ്രാമുകൾക്ക് 5000/- രൂപയും പി.ജി പ്രോഗ്രാമുകൾക്ക് 7500/- രൂപയും ഈടാക്കുന്നതിനും
4. അഡ്മിഷൻ നടപടികൾ MGU-CAP പോർട്ടൽ മുഖേന നടത്തുന്നതിനും
5. പ്രസ്തുത പ്രോഗ്രാമുകളുടെ നടത്തിപ്പിന്റെ മേൽനോട്ടച്ചുമതലകൾക്കായി അഡ്വൈസറി

കമ്മിറ്റി രൂപീകരണം, കോഴ്സ് നടത്തിപ്പിന്റെ ചുമതലകൾക്കായി കോഴ്സ് കോർഡിനേറ്റർമാരുടെ നിയമനം എന്നിവ അടിയന്തിരമായി പൂർത്തിയാക്കുന്നതിനും

6. യു.ജി പ്രോഗ്രാമുകൾ FYUGP Regulation പ്രകാരവും പി.ജി കോഴ്സുകൾ CSS 2019 Regulation പ്രകാരവും നടത്തുവാനും.

പ്രസ്തുത ശിപാർശകൾ വൈസ്ചാൻസലർ അംഗീകരിച്ച് പരാമർശം (2) പ്രകാരം ഉത്തരവായി.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുധ മേനോൻ ജെ

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

(1) വകുപ്പ് മേധാവി, ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ്ങ് ലേർണിംഗ് ആൻഡ് എക്സ്റ്റൻഷൻ
(2) വൈസ് ചാൻസലറുടെ പി.എസ്
(3) രജിസ്ട്രാറുടെ/ പരീക്ഷാ കൺട്രോളറുടെ/ഫിനാൻസ് ഓഫീസറുടെ - പി.എമാർ
(4) എ.ആർ III(അക്കാദമിക്)/ ഡി.ആർ II(അക്കാദമിക്)/ ജെ.ആർ II(ഭരണം)
(5) നോഡൽ ഓഫീസർ -CAP
(6) എ.സി.ബി.6/എ.സി.എ.1
(7) ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, എം.ജി സർവകലാശാല
(8) ഐ.ക്യൂ.എ.സി/ യൂണിവേഴ്സിറ്റി വെബ്സൈറ്റ്/ പി.ആർ.ഒ സെക്ഷൻ
(9) റെക്കോർഡ്സ്/ ഫയൽ പകർപ്പ്

Draft #1 of File 96311/AC A5-3/2025/AC A 5 Approved by ASSISTANT REGISTRAR III (ACADEMIC) on 30-Sep-2025 12:18 PM - Page 2